പതിനഞ്ചാം  കേരള നിയമസഭ

ബിൽ നമ്പർ 72

# 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം  കേരള നിയമസഭ

ബിൽ നമ്പർ 72

# 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 72

# 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

1998-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1998-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ആക്റ്റ് (1998-ലെ 17) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2020 ജൂലൈ 3-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 4-ാം വകുപ്പിനുള്ള ഭേദഗതി.—1998-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (1998-ലെ 17) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 4-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിൽ "പ്രതിമാസം ഏഴ് രൂപാ വീതം" എന്ന വാക്കുകൾക്ക് പകരം "പ്രതിമാസം പതിനഞ്ച് രൂപാ വീതം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) (2)-ാം ഉപവകുപ്പിൽ "ഓരോ മാസവും ഏഴ് രൂപ" എന്ന വാക്കുകൾക്ക് പകരം "ഓരോ മാസവും പതിനഞ്ച് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(3) (3)-ാം ഉപവകുപ്പിൽ "ഓരോ മാസവും ഏഴ് രൂപ വീതം" എന്ന വാക്കുകൾക്ക് പകരം "ഓരോ മാസവും പതിനഞ്ച് രൂപ വീതം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(4) (4)-ാം ഉപവകുപ്പിൽ "അംശദായത്തിന് തുല്യമായ ഒരു തുക" എന്ന വാക്കുകൾക്ക് പകരം "അംശദായത്തിന്റെ എഴുപത്തിയഞ്ച് ശതമാനത്തിന് തുല്യമായ തുക" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2021-ലെ 129) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1998-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ആക്റ്റ് (1998-ലെ 17)-ന്റെ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് ഓരോ ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളിയും പ്രതിമാസം ഏഴ് രൂപാ വീതം നിധിയിലേക്ക് അംശദായം നൽകേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത ആക്റ്റിലെ 4-ാം വകുപ്പ് (2)-ാം ഉപവകുപ്പ് ഈറ്റ ഉൽപ്പന്നങ്ങളുടെയും കാട്ടുവള്ളി ഉൽപ്പന്നങ്ങളുടെയും അല്ലെങ്കിൽ തഴ ഉൽപ്പന്നങ്ങളുടെയും ഓരോ തൊഴിലുടമയും ഉൽപ്പാദകനും ബന്ധപ്പെട്ട ഓരോ ഈറ്റ അഥവാ കാട്ടുവള്ളി അഥവാ തഴ തൊഴിലാളിക്കും വേണ്ടി ഓരോ മാസവും ഏഴ് രൂപ നിധിയിലേക്ക് അംശദായമായി നൽകേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത ആക്റ്റിലെ 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് സ്വന്തമായി തൊഴിലിലേർപ്പെട്ടിരിക്കുന്ന ഓരോ ആളും ഓരോ മാസവും ഏഴ് രൂപവീതം നിധിയിലേക്ക് അംശദായമായി നൽകേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത ആക്റ്റിലെ 4-ാം വകുപ്പ് (4)-ാം ഉപവകുപ്പ് ഈറ്റ തൊഴിലാളികളും കാട്ടുവള്ളി തൊഴിലാളികളും തഴ തൊഴിലാളികളും സ്വന്തമായി തൊഴിലിലേർപ്പെട്ടിരിക്കുന്ന ആളുകളും നൽകിയ അംശദായത്തിന് തുല്യമായ ഒരു തുക ഗ്രാന്റായി ഓരോ വർഷവും സർക്കാർ നിധിയിലേക്ക് നൽകേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു.

2. ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യാനും ബോർഡിന്റെ ഭരണ ചെലവുകൾ വഹിക്കാനും കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നിലവിലെ വരുമാനം അപര്യാപ്തമാണ്.

അതിനാൽ, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ശിപാർശ അംഗീകരിച്ചുകൊണ്ട്, 1998-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ആക്റ്റ് (1998-ലെ 17)-ന്റെ 4-ാം വകുപ്പിന്റെ (1) മുതൽ (4) വരെയുള്ള ഉപവകുപ്പുകളിൽ ഭേദഗതി വരുത്തി ഓരോ ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളിയും അടയ്ക്കുന്ന അംശദായവും ഈറ്റ ഉൽപ്പന്നങ്ങളുടെയും കാട്ടുവള്ളി ഉൽപ്പന്നങ്ങളുടെയും അല്ലെങ്കിൽ തഴ ഉൽപ്പന്നങ്ങളുടെയും ഓരോ തൊഴിലുടമയും ഉൽപ്പാദകനും അടയ്ക്കേണ്ട അംശദായം പതിനഞ്ച് രൂപയായി വർദ്ധിപ്പിക്കുന്നതിനും ഗ്രാന്റായി സർക്കാർ അടയ്ക്കുന്ന തുക, ഈറ്റ തൊഴിലാളികളും കാട്ടുവള്ളി തൊഴിലാളികളും തഴ തൊഴിലാളികളും സ്വന്തമായി തൊഴിലിലേർപ്പെട്ടിരിക്കുന്ന ആളുകളും നൽകുന്ന അംശദായത്തിന്റെ എഴുപത്തിയഞ്ച് ശതമാനമായി നിശ്ചയിക്കുന്നതിനും സർക്കാർ, തീരുമാനിക്കുകയുണ്ടായി.

3. പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2020-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2020-ലെ 37) 2020 ജൂലൈ 3-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2020 ജൂലൈ 3-ാം തീയതിയിലെ 1658-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

4. 2020 ആഗസ്റ്റ് 24-ാം തീയതി ചേർന്ന കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

5. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2020-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2020-ലെ 65) 2020 സെപ്റ്റംബർ 26-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2020 സെപ്റ്റംബർ 29-ാം തീയതിയിലെ 2220-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

6. 2020 ഡിസംബർ 31-ാം തീയതി ചേർന്ന കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിലും 2021 ജനുവരി 8-ാം തീയതി ആരംഭിച്ച് 2021 ജനുവരി 22-ാം തീയതി അവസാനിച്ചതുമായ കേരള സംസ്ഥാന നിയമസഭയുടെ സമ്മേളന കാലത്തും പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

7. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2021-ലെ 16) 2021 ഫെബ്രുവരി 9-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ഫെബ്രുവരി 10-ാം തീയതിയിലെ 674-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

8. 2021 മേയ് 24-ാം തീയതി ആരംഭിച്ച് 2021 ജൂൺ 10-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

9. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2021-ലെ 75) 2021 ജൂലൈ 1-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ജൂലൈ 3-ാം തീയതിയിലെ 1949-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

10. 2021 ജൂലൈ 22-ാം തീയതി ആരംഭിച്ച് 2021 ആഗസ്റ്റ് 13-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

11. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2021-ലെ 129) 2021 ആഗസ്റ്റ് 23-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ആഗസ്റ്റ് 25-ാം തീയതിയിലെ 2469-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

12. 2021-ലെ 129-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡം (1), (3) എന്നീ ഉപഖണ്ഡങ്ങൾ പ്രകാരം ഭേദഗതി ചെയ്യുന്ന പ്രധാന ആക്റ്റിലെ 4-ാം വകുപ്പ് (1), (3) എന്നീ ഉപവകുപ്പുകൾ പ്രകാരം ഓരോ ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളിയും സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഓരോ ആളും പ്രതിമാസം നൽകേണ്ട അംശദായം ഏഴ് രൂപയിൽ നിന്നും പതിനഞ്ച് രൂപയായി വർദ്ധിപ്പിക്കുന്നുണ്ട്. പ്രസ്തുത ഖണ്ഡത്തിന്റെ (4)-ാം ഉപഖണ്ഡപ്രകാരം ഭേദഗതി ചെയ്യുന്ന, പ്രസ്തുത വകുപ്പിന്റെ (4)-ാം ഉപവകുപ്പുപ്രകാരം, സർക്കാർ അംശദായത്തിന്റെ എഴുപത്തിയഞ്ച് ശതമാനത്തിന് തുല്യമായ തുക ഗ്രാന്റായി ഓരോ വർഷവും നിധിയിലേക്ക് നൽകേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു.

നിലവിൽ തൊഴിലാളികളുടെ പ്രതിമാസ അംശദായം ഏഴ് രൂപയിൽ നിന്നും പതിനഞ്ച് രൂപയായി വർദ്ധിപ്പിക്കുകയും അപ്രകാരം അംശദായം വർദ്ധിപ്പിക്കുമ്പോൾ ഗ്രാന്റിനത്തിൽ സർക്കാർ നിധിയിലേക്ക് നൽകുന്ന തുക, എഴുപത്തിയഞ്ച് ശതമാനമായി വ്യവസ്ഥ ചെയ്യുകയും ചെയ്യുന്നതിനാൽ ഗ്രാന്റിനത്തിൽ സർക്കാർ പ്രതിവർഷം 41,86,233 രൂപ അധികമായി നൽകേണ്ടതായി വരുമെന്ന് കണക്കാക്കുന്നു.

അതിനാൽ ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും 41,86,233 രൂപയുടെ ആവർത്തക ചെലവ് പ്രതീക്ഷിക്കുന്നു. ഈ ഇനത്തിൽ അനാവർത്തക ചെലവൊന്നും വരുന്നതല്ല.

വി. ശിവൻകുട്ടി

## 1998-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ആക്റ്റിൽ (1998-ലെ 17) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

4. നിധിയിലേക്കുള്ള അംശദായം.—(1) ഓരോ ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളിയും പ്രതിമാസം ഏഴ് രൂപാ വീതം നിധിയിലേക്ക് അംശദായം നൽകേണ്ടതാണ്.

(2) ഈറ്റ ഉൽപ്പന്നങ്ങളുടെയും കാട്ടുവള്ളി ഉൽപ്പന്നങ്ങളുടെയും അല്ലെങ്കിൽ തഴ ഉൽപ്പന്നങ്ങളുടെയും ഓരോ തൊഴിലുടമയും ഓരോ ഉൽപ്പാദകനും ബന്ധപ്പെട്ട ഓരോ ഈറ്റ അഥവാ കാട്ടുവള്ളി അഥവാ തഴ തൊഴിലാളിക്കും വേണ്ടി ഓരോ മാസവും ഏഴ് രൂപ നിധിയിലേക്ക് അംശദായമായി നൽകേണ്ടതാണ്.

(3) സ്വന്തമായി തൊഴിലിലേർപ്പെട്ടിരിക്കുന്ന ഓരോ ആളും ഓരോ മാസവും ഏഴ് രൂപവീതം നിധിയിലേക്ക് അംശദായമായി നൽകേണ്ടതാണ്.

(4) ഈറ്റ തൊഴിലാളികളും കാട്ടുവള്ളി തൊഴിലാളികളും തഴ തൊഴിലാളികളും സ്വന്തമായി തൊഴിലിലേർപ്പെട്ടിരിക്കുന്ന ആളുകളും നൽകിയ അംശദായത്തിന് തുല്യമായ ഒരു തുക ഗ്രാന്റായി ഓരോ വർഷവും സർക്കാർ നിധിയിലേക്ക് നൽകേണ്ടതാണ്.

** ** ** **